CHURCH VOICE

CSI MATEER MEMORIAL CHURCH
Vol. 24 No. 07 Newsletter November 2026



"ഞാൻ മോശെയോടുകൂടെ ഇരുന്നതുപോലെ നിന്നോടുകൂടെയും ഇരിക്കും;
ഞാൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല."

യോശുവ 1:5



CSI MATEER MEMORIAL CHURCH MEMBERS' MEETING - 18/10/2026 AT SATHYAN MEMORIAL HALL















CHURCH VOICE

24th year of publication

NOVEMBER
2026

ADDRESS

The Chief Editor, Church Voice
M.M. Church, LMS
Compound, Trivandrum-33

Articles/Feedback may be sent to

churchvoice@gmail.com
before 15th of every month

Church Voice can be read online at our website

www.mateermemorialchurch.com

PRINTED AT

GRACE PRINTERS
Muttada Ph: 9447059891

CSI MATEER MEMORIAL CHURCH

Regular Weekly Programme


Week Days	Morning Worship (Monday-Saturday)	07.00am
	Online Morning Prayer (Monday-Saturday)	05:00am
	Online Evening Prayer (Monday-Saturday)	08:00pm
Sunday	Malayalam Service	06:00am
	Tamil Service	07.00am
	Malayalam Service	08:30am
	English Service	10:30am
	Malayalam Service	04:15pm
	Sunday School	10.30am
	Men's Fellowship	10:30am
	Women's Fellowship	10:30am
	Christian Endeavour Youth Fellowship	11:30am
	BCL Union & JCF	11.30am
	Choir Practice	12.00noon
Monday	Bible Study	05.00pm
	Vestry Prayer	06.30pm
Tuesday	Circle Prayer	06.30pm
Wednesday	Gospel Band Visit	04:30pm
	Women's Fellowship	04.30pm
Thursday	Senior Citizens' Fellowship	04.30pm
	Worship & Witnessing Service	06:15pm
Friday	Circle Prayer	06:30pm
Saturday	Fasting Prayer (2nd Saturday)	10:00am
	Guitar Class	04:00pm
	Choir Practice	05.00pm
	Young Family Fellowship	05:30pm

CHURCH OFFICE

Mr. Saju Stanley (Manager)	9447470953
Mr. Darwin D. L. (Accounts Clerk)	9809748617
Mr. Rajeev T.	9895801012
Mr. G. Wilson	9447525339
Mr. Anil Kumar	9048361292

"കർത്താവോ വിശ്വസ്തൻ, അവൻ നിങ്ങളെ ഉറപ്പിച്ച് ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം കാത്തു കൊള്ളും"
2 തെസ്സ.3:3

"Sing to the Lord a new song, and His Praise in the assembly of Saints" (Psalm 149:1)



പത്രാധിപക്കുറിപ്പ്



നമ്മുടെ എല്ലാ യാത്രയിലും ദൈവം എപ്പോഴും നമ്മോട് കൂടെയുണ്ടെന്ന് നമുക്ക് ഉറപ്പുണ്ടോ? ക്രിസ്തു വിശ്വാസികളായ നാം ഈ ലോകത്തിൽ പാർക്കുന്നെങ്കിലും ലോകക്കാരെപ്പോലെ ആകാതെ ജീവിക്കണം. ദേശത്തിൽ സാക്ഷ്യം വഹിക്കണം. **ക്രിസ്തു സഭ മറ്റുള്ളവർ കാണുംവിധം സുതാര്യമായി, ദുഷ്ടതയും ആധർമവും വിട്ടൊഴിയണം.** ജ്ഞാനവും വിവേകവും പ്രാപിച്ച് ദൈവീക പ്രമാണം അനുസരിച്ച് നടക്കണം. ലോകം സഭയെ നോക്കുമ്പോൾ കാണുന്നത് എന്താണ്? നാം ക്രിസ്തു നാമം പേറുന്ന വരല്ലേ? പലപ്പോഴും നമ്മുടെ വാക്കിനും പ്രവർത്തിക്കും തമ്മിൽ യാതൊരു ബന്ധവുമില്ല. യേശുവിന്റെ സഭയെ നമ്മിൽ ദർശിക്കാൻ ലോകം ആഗ്രഹിക്കുന്നു.

'നിങ്ങൾ ദൈവത്തിന് കീഴടങ്ങുവിൻ, പിശാചി നോട് എതിർത്തു നിൽപ്പിൻ, എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും' (യാക്കോബ് 4:7). നമ്മുടെ മുന്നിൽ വിവിധ പാപ വഴികൾ നമ്മെ ആകർഷിക്കുമ്പോൾ, ദൈവീക ആലോചനയിൽ നാം ഉറച്ചുനിൽക്കണം. പ്രഭാതമോ, പ്രദോഷമോ, ഇരുളോ, പ്രകാശമോ, ഏകരോ, കൂട്ടത്തിലോ, ദുഃഖമോ, ആനന്ദമോ, എന്തായാലും ഏത് നാളിലും, ഏത് നേരത്തും ദൈവം നമ്മോട് കൂടിരുന്ന് നമ്മെ നയിക്കുന്നു. **'യഹോവ നിന്റെ ഗമനത്തെയും ആഗമനത്തെയും ഇന്ന് മുതൽ എന്നേക്കും പരിപാലിക്കും'** സങ്കീ. 121:8). ജീവിതത്തിൽ ചിലപ്പോഴൊക്കെ ദുർഘട വഴികളും അടഞ്ഞ വാതിലു കളും നമ്മെ എതിരേൽക്കുമ്പോൾ, നമ്മുടെ ബുദ്ധിമുട്ട് അറിയുന്ന, കണ്ണു നീർ കാണുന്ന, തകർന്ന മനസ്സ് ദർശിക്കുന്ന ദൈവം നമ്മുടെ സമീപെ യുണ്ട്. പ്രതിസന്ധികൾ വരുമ്പോൾ, ഉള്ള് ക്ഷീണിക്കുമ്പോൾ, പതറി പ്പോകാതെ ദൈവസന്നിധിയിൽ കടന്നുചെന്ന് നിലവിളിക്കുകയാണെ ങ്കിൽ, നിശ്ചയമായും കർത്താവ് നമ്മെ താങ്ങുകയും, പരിപാലി ക്കുകയും ചെയ്യാൻ എന്നെന്നും മതിയായവൻ ആകുന്നു. അറിഞ്ഞും അറിയാതെയും നാം ദൈവസന്നിധി വിട്ടുപോകുമ്പോൾ ഉണ്ടാകുന്ന ആസ്വസ്ഥതയും ബലഹീനതയും വളരെ വലുതാണ്. എന്നാൽ, ദൈവ ത്തിന്റെ സന്നിധിയിൽ സമർപ്പിതരായി വസിക്കുന്നത് ഭാഗ്യകരമായ ഒരു അവസ്ഥയാണ്. **''യഹോവ നിങ്ങൾക്ക് മുമ്പായി നടക്കും,**

ഇസ്രായേലിന്റെ ദൈവം നിങ്ങൾക്ക് പിമ്പട ആയിരിക്കും'' (യെശ. 52:12). **ജീവിതത്തിലുടനീളം നമുക്കൊരു സഹായകനുണ്ട്.** ഈ ബോദ്ധ്യം നമ്മുടെ ജീവിതത്തിന് ദിശാബോധവും, പുതുശക്തിയും, നവ്യ പ്രകാശവും പകർന്നുതരും. പാതകൾ പ്രകാശപൂരിതമാകും. നാം പ്രത്യാശാനിർഭരർ ആയിത്തീരും.

മിസ്രയീമിൽ നിന്നും വിടുവിക്കപ്പെട്ട്, വാഗ്ദത്ത ദേശത്തേക്ക് യാത്രയായ ഇസ്രായേൽ ജനതക്ക് അനവധി തടസ്സങ്ങൾ തരണം ചെയ്യേണ്ടിവന്നു. ചെങ്കടൽ, ഘോരമായ ചൂടുള്ള മരുഭൂമി, വെള്ള മില്ലാത്ത അവസ്ഥ, മാറായുടെ അനുഭവം എന്നീ നിരവധി പോരാട്ട ങ്ങൾ. എന്നാൽ ദൈവം എത്ര അതിശയകരമായി ഈ സന്ദർഭങ്ങളിൽ ഇസ്രായേൽ ജനതയെ നടത്തി. മരുഭൂയാത്രയിൽ, ജനത്തിന്റെ ഭക്ഷണത്തിനായി മന്ന, കാടപക്ഷി എന്നിവയെ ദൈവം അവർക്ക് അത്ഭുതകരമായി നൽകി. **നമ്മുടെ സഭയുടെ താൽകാലിക ചുമതല ക്കാർ നമ്മുടെ മേൽ തുടരെത്തുടരേ അടിച്ചേൽപ്പിക്കുന്ന പീഡാനു ഭവങ്ങളും വിഭിന്നമല്ല.** അവഗണന, അപഹരണം, ആക്രമണം, ആക്ഷേപം, അന്യായം, കുത്തുവാക്ക്, അവകാശ നിഷേധം, ശത്രുത, ദേഹോപദ്രവം എന്നിവ നാം നേരിട്ടുകൊണ്ടിരിക്കുന്നു. ഇതിനെല്ലാം മദ്ധ്യേയും എം. എം. ചർച്ച് അംഗങ്ങളായ നമ്മെ ദൈവം അതിശയക രമായി നടത്തുന്നു. **'അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പിൻ'** (1 പത്രൊ. 5:6). ദൈവത്തിന് സ്തോത്രം.

നാം വളരെ പ്രതികൂലങ്ങളിലൂടെ കടന്നുപോകുന്നെങ്കിലും, ദൈവം സഹായകനായി നമ്മോട് കൂടെയുണ്ട്. അതുകൊണ്ട് സ്വസ്ഥമായിരിക്ക. നമ്മുടെ ജീവിതത്തിൽ ദൈവം ചെയ്ത ഉപകാരങ്ങൾ വർണിക്കുവാൻ ധാരാളമുണ്ട്. **'യഹോവ എന്റെ പ്രാർത്ഥനയും യാചനയും കേട്ട്, തന്റെ ചെവി എങ്കലേക്ക് ചായിച്ചിരിക്കുന്നു'** (സങ്കീ. 116:1). ദൈവം നമ്മുടെ ഇടയിലേക്ക് ഇറങ്ങി വന്ന് നമ്മെ വിടുവിച്ച ധാരാളം അനുഭവങ്ങൾ നമുക്കുണ്ട്. **നമ്മുടെ ജീവിതത്തിൽ അസാധ്യങ്ങളെ സാധ്യമാക്കുന്ന ദൈവം നമ്മോടൊപ്പമുണ്ട്. ദൈവം ജീവിക്കുന്നു.** പ്രാർത്ഥനയും യാചനയും ശ്രദ്ധവെച്ച് കേൾക്കുന്നു. നമ്മുടെ നിസ്സഹായ അവസ്ഥ യിൽ നമ്മെ സഹായിക്കുന്നു. ഉള്ളം കയ്യിലെ വസ്തുപോലെ നമ്മെ അനുദിനം കാത്തുസൂക്ഷിക്കുന്ന ദൈവത്തെ നമുക്ക് സമ്പൂർണമായി ശരണപ്പെട്ട് മുന്നേറാൻ ദൈവം നമ്മെ സഹായിക്കട്ടെ.

പത്രാധിപർ

DUNAMIS

Abraham Chrisdhas

Most of us have strong, set opinions about many things. **And it is tempting to use the Bible, not as a check on our ideas, but as a source of useful ammunition to reinforce them.** We all know how easy it is to find an isolated verse in scripture to support any theory or practice which we are determined to hang on to. Hence the message of the Gospel has been subject to personal interpretation and there is a flagrant violation of the Biblical fabric of Truth by extremists like liberals and charismatics as well.

Therefore, it is imperative on our part to interpret the passages in the light of its context, purpose and plan of the author. And above all, **we should compare the Scripture with Scripture as the Bible is its own interpreter lest we suppress the working of the Holy Spirit with our personal agenda**. Then only true revival comes alive in our personal and corporate lives.

"You will receive power when the Holy Spirit comes on you" (Acts 1:8). **The "Power" of the Holy Spirit is the most required but misunderstood phenomenon in Christendom today.** The Greek word dunamis means an ability (II Cor.8:3) or strength (Eph.3:16) or a powerful spirit of love (Rom.8:38). Paul looks back to the resurrection as the chief evidence of God's power (Rom.1:4; Eph.1:19-20; Phil.3:10) and sees the Gospel as the means by which that power comes to work in our lives (Rom.1:16; 1 Cor.1:18)

CHURCH is the heart **OF** revival; **SOUTH** is the harbinger of revival; and **INDIA** is the haven of revival. Hence we require His dunamis undoubtedly to be used as God’s vessels to bring the libation of salvation to those who desperately seek after. We do not take recourse to the

proposition of Wittgenstein "Whereof one cannot speak, thereof one must be silent." As we read in Jn. 7:38 the streams of life-giving water which is emblematic of spiritual life in perpetuity, we will certainly speak and the abundant life of the Spirit of God will certainly flow into the lives of others as well. That is indeed revival in its consummation! May God use us as effective and powerful instruments in bringing healing for the body and soul and above all restoring the spiritual oneness with the Spirit of God.

ഇന്ന് ദൈവം എല്ലാവരെയും സൗഖ്യമാക്കുന്നുണ്ടോ?

ആർ. സ്റ്റാൻലി

ദൈവം സൗഖ്യദായകനാണ്. **"ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ"** (പുറ. 15:26) എന്ന അർത്ഥത്തിൽ "യഹോവ-റാഫാ" എന്ന് ദൈവം തന്നെത്തന്നെ വെളിപ്പെടുത്തി. അവൻ ഒരിക്കലും മാറിയിട്ടില്ല. അവന്റെ ശക്തി ഇന്നും അതുപോലെതന്നെയാണ്. ഭൂമിയിലെ തന്റെ ശുശ്രൂഷയിൽ തന്റെ പുത്രനിലൂടെ സൗഖ്യമാക്കുന്ന ദൈവശക്തി ഏറ്റവും കൂടിയ അളവിൽ പ്രകടമാക്കി. യേശു എല്ലാത്തരം രോഗികളെയും സൗഖ്യമാക്കി, അവനെ തൊട്ടവർ എല്ലാവരും സമ്പൂർണ്ണരായി. **"യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യനത്രേ"** (എബ്രാ. 13:8). ക്രൂശിൽ അവൻ നമ്മുടെ പാപങ്ങളും രോഗങ്ങളും ചുമന്നു (യെശ. 53:45; മത്തായി. 8:16,17). അവന്റെ രക്തത്താൽ നാം ശുദ്ധീകരിക്കപ്പെട്ടു, അവന്റെ മുറിവുകളാൽ നാം സൗഖ്യം പ്രാപിച്ചിരിക്കുന്നു.

പരിശുദ്ധാത്മാവ് സഭയുടെ മേൽ രോഗശാന്തിവരം വർദ്ധിപ്പിച്ചിരിക്കുന്നു (1 കൊരി. 12:9, 28). അത് ഇന്നും പ്രവർത്തിക്കുന്നു. എന്നാൽ നമ്മുടെ ശരീരങ്ങൾ മർത്യമാണ്. നാം ഇപ്പോഴും മരണത്തിന് അധീനരാണ് (1 കൊരി. 15:26). നമ്മുടെ ശരീരത്തിന്റെ സമ്പൂർണ്ണ വീണ്ടെടുപ്പ് ഭാവിയിലാണ് (റോമ. 8:23). വേദനയും ദുഃഖവും ഇല്ലാത്ത ദിവസം വരുന്നതുവരെയും മനുഷ്യന് പൊതുവായിരിക്കുന്ന ശാരീരിക അസുഖങ്ങൾക്ക് അവൻ വിധേയനാണ് (വെളി. 21:4). ഒരു വിശ്വാസി രോഗിയായിത്തീരുമ്പോൾ, അവൻ പ്രാർത്ഥിക്കണം. വിശ്വാസത്തിന്റെ പ്രാർത്ഥന അർപ്പിക്കപ്പെടേണ്ടതിന് സഭയിലെ മൂപ്പന്മാരുടെ സഹായം അന്വേഷിക്കണം. അവൻ പാപം ചെയ്തിരിക്കുന്നുവോ എന്ന് തന്നെ

ത്തന്നെ സ്വയം പരിശോധിക്കണം. സാധാരണ സാഹചര്യങ്ങളിൽ അവൻ സൗഖ്യമാക്കപ്പെടും (യാക്കോ. 5:14-16).

എന്നാൽ ദൈവം സൗഖ്യം നൽകാത്ത സന്ദർഭങ്ങളുമുണ്ട്. നേരോടുകൂടെ ദൈവസന്നിധിയിൽ നടന്നിട്ടും രോഗികളായിരുന്ന അനേകം വിശുദ്ധന്മാരെക്കുറിച്ച് വേദപുസ്തകം പ്രസ്താവിക്കുന്നു. തന്റെ "ശരീരത്തിലെ ശൂലം പൗലോസിന് വഹിക്കേണ്ടതായിവന്നു. ദൈവം അവന് മതിയായ കൃപ വാഗ്ദത്തം ചെയ്തു" (2 കൊരി. 12:7-10). തിമൊഥെയോസ് ഒരു ഉദരരോഗിയും ബലഹീനനുമായിരുന്നു (ഫിലി. 2:25:27). അനേകം അത്ഭുതങ്ങൾ നിവർത്തിച്ച എലീശാ പ്രവാചകൻ രോഗത്താൽ മരണ മടഞ്ഞു (2 രാജാ. 13:14). ദൈവമക്കളായിരുന്ന അനേകർക്ക് സൗഖ്യം ലഭിച്ചിരുന്നില്ല എന്ന് ചരിത്ര ഉദാഹരണങ്ങൾ തെളിയിക്കുന്നു. "നിശ്ചയം യേശു, എന്റെ സ്വന്തം! എന്നതുൾപ്പെടെ 8000 ഗാനങ്ങൾ നമുക്ക് നൽകിയ ഫാന്നികോസ്ബിയ്ക്ക് ആറാം വയസ്സിൽ കാഴ്ച നഷ്ടപ്പെടുകയും മരണംവരെ അന്ധയായി ജീവിക്കുകയും ചെയ്തു.

എല്ലാ നല്ല ദാനങ്ങളും ദൈവത്തിങ്കൽ നിന്ന് വരുന്നു. രോഗം വരുത്തുന്നവനല്ല. എന്നാൽ നമുക്ക് വിശദീകരിക്കാൻ കഴിയാത്ത ഏതോ കാര്യം നിവർത്തിക്കുന്നതിനോ, ഒരു ബാലശിക്ഷാവടിയായിട്ടോ ദൈവം അതിനെ വിനിയോഗിക്കുന്നു. അവൻ സർവ്വാധികാരിയാണ്. ഇപ്പോൾ തിന്മയായി തോന്നുന്ന സകലതും തന്റെ മക്കൾക്ക് ഒടുവിൽ നന്മയായി പര്യവസാനിക്കും (റോമ. 8:28).

ഹന്നായുടെ സ്തോത്രഗീതം
(1 ശമൂവേൽ 2)

ഹന്നായുടെ സ്തോത്ര ഗീതം പഴയ നിയമത്തിലെ പഴക്കം ചെന്ന പാട്ടുകളിൽ ഒന്നാണ്. **പുത്രനെ ആലയത്തിൽ ദൈവത്തിന് സമർപ്പിച്ച തിനുശേഷം തന്റെ ഹൃദയവികാരങ്ങളെ ദൈവസന്നിധിയിൽ പകരുകയാണ്. കരഞ്ഞുകൊണ്ടല്ല പാടുന്നത് സന്തോഷത്തോടെ യാണ്.** ദൈവ ജനം പാടിക്കൊണ്ട് സ്വയം ദൈവത്തിന് അർപ്പിക്കുകയും, തങ്ങളെ ത്തന്നെ അർപ്പിച്ചുകൊണ്ട് പാടുകയും ചെയ്യും. കഴിഞ്ഞ കാലങ്ങളിൽ ഹന്ന അനുഭവിച്ച പ്രയാസങ്ങളും അതിൽ നിന്നും ദൈവം എങ്ങനെ വിടുവിച്ചു എന്നും കീർത്തിക്കുന്നു. ദൈവത്തിന്റെ ഗുണവിശേഷങ്ങളെ ഇവിടെ വിവരിക്കുന്നു. വീരന്മാരുടെ വില്ല് ഒടിക്കുകയും ഹൃദയങ്ങളെ തകർക്കുകയും ചെയ്യുന്നു. സമ്പന്നന്മാർ


Mateer Memorial
CSI Church
Members Retreat
All Families can Join
A Memorable Water Ride in Kollam Astamudi Lake
Devotions
Testimonies
Group Activities
Family Fellowship
Bible Study
Site Seeing
Package Includes
Break fast
Lunch
Boating
Devotion
Travel
Dinner
SATURDAY
NOVEMBER 14
2026
9.00 AM to 5.00 PM
KOLLAM
Astamudi Lake
A Memorable Day of M. M. Church Families
Retreat Fee
Adults (above 12 years)
₹800
Children (6 to 12 years)
₹500
Children (below 6 years)
No Charges
For Registration & Further Details
Adv. Sarjine Thomas 9847104775
Mr. Ruben S L 9288888070
Dr. Jaichand Johnson 9961292176
Mr. Ramon Jose 9497595397

In Ever Loivng Memory of



D. Danam (68)
(Rtd. Teacher)

Gertrude Danam (94)
(Rtd. A A Health Services)

Christava Nivas, Valiasala, Tvpm

Called to Eternal Glory on

22-11-1986 **05-04-2021**

'Safe in the Arms of Jesus'

Fondly remembered by
Children, Grandchildren and Great Grandchildren

2nd Death Anniversary

26-11-2026



In ever loving memory of

Stanley Retnam

24-04-1936 to 26-11-2024

(Retd. Diocesan staff)
Museum Bains Compound, Trivandrum.

'Safe in the Arms of Jesus'

By Sorrowing wife

Mrs. Gracy Stanley

ഭക്ഷണത്തിനുവേണ്ടി കൂലിക്ക് ജോലി ചെയ്യുന്നു. എന്നാൽ വിശന്നവർ തൃപ്തി പ്രാപിച്ച് വിശ്രമിക്കുന്നു. വന്ധ്യയ്ക്ക് ദൈവം ഏഴ് മക്കളെ കൊടുക്കുന്നു. പുത്രദാനത്തിൽ യഹോവയുടെ പൂർണ്ണ അനുഗ്രഹത്തെക്കുറിച്ചാണ് ഏഴ് എന്ന സംഖ്യ. എന്നാൽ പുത്രസമ്പത്തുള്ളവർ ക്ഷയിച്ചുപോകുന്നു. ദാരിദ്ര്യവും ഐശ്വര്യവും നൽകുന്നതും താഴ്ത്തുകയും ഉയർത്തുകയും ചെയ്യുന്നതും യഹോവയാണ്. 113-ാം സങ്കീർത്തനത്തിന്റെ 7, 8 വാക്യങ്ങളുമായി ഇത് ചേർന്നുപോകുന്നു. **"നീതിമാന്മാരുടെ കാലുകളെ കാക്കുന്നതു യഹോവയാണ് അതുകൊണ്ട് അവ ഇടറുകയില്ല. എന്നാൽ അവരെ ഉപദ്രവിക്കുന്നവർ നശിക്കും".** മുഴുവൻ ലോകത്തെയും യഹോവ ന്യായം വിധിക്കുന്നു. ന്യായവിധിയിൽ യഹോവ എല്ലാറ്റിനും പരിസമാപ്തി വരുത്തുന്നു.

യോനയുടെ നീരസം
(യോനാ 4)

നീനെവേക്കാർ രക്ഷപെട്ടു പ്രവാചകൻ ഇഷ്ടപ്പെട്ടില്ല. അവനു കോപമുണ്ടായി. പ്രവാചകൻ എന്ന തന്റെ പേരിന് ദോഷം തട്ടി. പ്രവാചകൻ പ്രവചിക്കുന്നത്പോലെ സംഭവിക്കേണ്ടതാണ്. എന്നാൽ ഇവിടെ അങ്ങനെ ഉണ്ടായില്ല. തന്റെ പേരിനുണ്ടായ കളങ്കം അവനെ കോപത്തിലേയ്ക്ക് നയിച്ചു. താൻ തർശ്ശീശിലേയ്ക്ക് ഓടിപ്പോയതിന് കാരണം ഇതാണെന്ന് ദൈവത്തോട് വാദിക്കുന്നു. നീ കരുണയും ദയയും ഉള്ള ദൈവമാണ്. അനുതപിക്കുമ്പോൾ നിന്റെ മനസ്സുമാറുമെന്ന് എനിക്ക് നേരത്തെ അറിയാം. കോപിക്കുന്നത് നല്ലതാണോ എന്ന ചോദ്യത്തിന് യോനാ മറുപടി പറയുന്നില്ല. നീനെവേ നശിക്കണമെന്നുതന്നെയാണ് ഇപ്പോഴും യോനായുടെ ആഗ്രഹം. അതു കാണുവാൻ വേണ്ടി നഗരം വിട്ട് ഒരു കുടിലുണ്ടാക്കി അവിടെ താമസിച്ചു. ദൈവം അവിടെയും യോനായുമായി ഇടപെടുന്നു. യോനായ്ക്ക് ഉഷ്ണം ഏൽക്കാതിരിപ്പാൻ യഹോവ ഒരു ആവണക്ക് കല്പിച്ചുണ്ടാക്കി. അതു യോനായ്ക്ക് വളരെ സന്തോഷമായി. എന്നാൽ രാത്രിയിൽ ദൈവം പുഴുവിനോട് കൽപ്പിച്ച് ആവണക്കിനെ ഇല്ലാതാക്കി. സൂര്യൻ ഉദിച്ചപ്പോൾ ദൈവം അത്യുഷ്ണമുള്ള കാറ്റ് കല്പിച്ചുവരുത്തി. യോനാ ക്ഷീണിച്ച് മരിച്ചാൽ കൊള്ളാം എന്ന് വിചാരിച്ചു.

അവിടെയും ദൈവം യോനയുമായി ഇടപെട്ടു. നീ കോപിക്കുന്നത് നല്ലതാണോ? ഒരു മടിയും കൂടാതെ അതേ എന്ന് മറുപടി പറഞ്ഞു. ദൈവം യോനായെ പാഠം പഠിപ്പിക്കുകയായിരുന്നു. **ആവണക്കിന്റെ**

നാശത്തിൽ ഇത്ര മാത്രം വിഷമം ഉണ്ടെങ്കിൽ നശിച്ചുപോകുന്ന 1,20,000 പേരുള്ള പട്ടണത്തെക്കുറിച്ച് എനിക്ക് ആർദ്രത ഉണ്ടാകേണ്ടതല്ലേ. ഈ ചോദ്യത്തോടുകൂടി പുസ്തകം അവസാനിക്കുന്നു. യെഹൂദനെ മാത്രമല്ല ജാതികളെയും ദൈവം സ്നേഹിക്കുന്നു.

REUNION

(Revelation 21:1-7)

"Look! God's dwelling place is now among the people" -Revelation 21:3

The little boy excitedly ripped open a big box from his serviceman daddy, whom he believed wouldn't be home to celebrate his birthday. Inside that box was yet another giftwrapped box, and inside that box was another that simply held a piece of paper saying, "Surprise!" **Confused, the boy looked up-just as his dad entered the room. Tearfully the son leapt into his father's arms, ex-claiming, "Daddy, I missed you" and "I love you!"**

That tearful yet joyful reunion captures the heart of Revelation 21's description of the glorious moment when God's children see their loving Father face to face-in the fully renewed and restored creation. There, "God will wipe every tear from [our] eyes." No longer will we experience pain or sorrow, because we'll be with our heavenly Father. As the "loud voice" in Revelation 21 declares, "Look! God's dwelling place is now among the people, and he will dwell with them" (vv. 3-4).

There's a tender love and joy that followers of Jesus already enjoy with God, as 1 Peter 1:8 describes: "Though you have not seen him, you love him; and even though you do not see him now, you believe in him and are filled with an inexpressible and glorious joy." Yet imagine our incredible, overflowing joy when we see the one we've loved and longed for welcoming us into His open arms - Alyson.

ഒരു ഓർമക്കുറിപ്പ്...

രണ്ട് മാസം മുൻപ്, യൗവനത്തിൽ മരിച്ചുപോയ ഒരു യുവാവ് എഴുതിവച്ച ഒരു ബോർഡ് ഞാൻ കാണുകയുണ്ടായി. ***"ചിരിച്ചാലും മരിക്കും. കരഞ്ഞാലും മരിക്കും. എങ്കിൽ പിന്നെ ചിരിച്ചുകൂടെ".***

കരച്ചിലിന്റെ ദുഃഖകഥകളും, വിലാപഗീതങ്ങളും ഉപേക്ഷിക്കുക. സന്തോഷത്തിന്റെ കഥകൾ വായിക്കുക. പാട്ടു കേൾക്കുക. മനസ്സു ദുഃഖിച്ചിരിക്കുമ്പോഴും നിങ്ങൾക്ക് ചിരിക്കുവാൻ കഴിയും. ചിരിക്കുമ്പോൾ നിങ്ങളുടെ ഹൃദയതുടിപ്പു ക്രമപ്പെടും. ആരോഗ്യം നന്നാകും. ദുഃഖത്തിന്റെ ഭാരം കുറയും.

ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. "A laugh a day keeps the doctor away" (ദിവസത്തിലൊരിക്കൽ നന്നായി ചിരിച്ചാൽ ഡോക്ടറെ കാണേണ്ട ആവശ്യം വരികയില്ല).

നീണ്ട ദുഃഖത്തിന്റെ മുഖവുമായി നടക്കുന്ന ഒരു വ്യക്തിയേക്കാൾ, മറ്റൊരാളെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുവാൻ കഴിയുന്നത് ചിരിക്കുന്ന ഒരു വ്യക്തിക്കാണ്.

ചിലർ കൊച്ചു കാര്യത്തിൽ പോലും വളരെ വിഷമിക്കും. മൂക്കിനുനീളം കൂടിപ്പോയി. ഇടുങ്ങിയ ശരീരമല്ല, മുടി കുറവാണ്. മുഖ ക്കുരുവുണ്ട്. ഞാൻ പറയട്ടെ, നിങ്ങൾ ദുഃഖിക്കുകയും സ്വയം പഴിക്കയും ദൈവ ത്തെ ചോദ്യം ചെയ്യുകയും ഇവയെല്ലാം ഉള്ളവരെ നോക്കി അസൂയ പ്പെടുകയും ചെയ്താൽ യാതൊരു പ്രയോജന വുമില്ല.

പകരം എപ്പോഴും സന്തോഷമായിരിക്കുകയും, മറ്റേത്രയോ പേരേക്കാൾ നിങ്ങൾ മെച്ചമാണെന്നു ചിന്തിക്കുകയും ചെയ്താൽ കാര്യങ്ങൾ വ്യത്യാസമായിരിക്കും.

ഒരിക്കൽ ഒരു മനുഷ്യന്റെ ഒരു കാലു നഷ്ടമായി. അയാൾ എപ്പോഴും സ്വയം പഴിക്കുകയും ദൈവത്തെ കുറ്റം പറയുകയും ചെയ്തു വന്നു. ഒരു ദിവസം അയാൾ റോഡരികിൽ രണ്ടു കാലുമില്ലാത്ത ഒരു മനുഷ്യനെ കണ്ടു. ആ മനുഷ്യൻ ചിരിക്കുകയായിരുന്നു.

ഈ ഒറ്റക്കാലൻ ചിന്തിച്ചു, "ഈ രണ്ടു കാലുമില്ലാത്ത മനുഷ്യന് ചിരിക്കുവാൻ കഴിയുമെങ്കിൽ എനിക്കെന്തുകൊണ്ടു പാടില്ല."

കുഞ്ഞേ, ഇല്ലാത്തതോർത്തു നെടുവീർപ്പിടാതെ ഉള്ളതോർത്തു പുഞ്ചിരിക്കുക.

ഹൃദയം ഇടഞ്ഞപ്പോൾ

വെരി. റവ. മാത്യു മാത്യു അച്ചനെ പ്രതിപാദിക്കുന്ന ഗ്രന്ഥം "ഒന്നു മുതൽ നൂറു വരെ"

വർഷം 1972. മല്ലപ്പള്ളി ഇടവകയിലെ ചുമതല വഹിച്ചു കൊണ്ടിരുന്ന നാളുകൾ. ഉത്തരവാദിത്വങ്ങൾ ഏറെ ഉണ്ടായിരുന്നുവെങ്കിലും **ചുറുചുറുക്കോടെ ഓടിനടന്ന് ശുശ്രൂഷ നിർവഹിച്ചു പോന്നിരുന്ന കാലം. മധ്യവയസ്സ്. കൃത്യമായി പറഞ്ഞാൽ 47 വയസ്സ്. ബഹു. മാത്യു മാത്യു അച്ചന്റെ ഹൃദയം പെട്ടെന്ന് ഒരു ദിവസം ഇടഞ്ഞു.** അസഹ്യമായ വേദനയെ തുടർന്ന് അടുത്തുള്ള ജോർജ് മാത്തൻ മെഡിക്കൽ മിഷൻ ആശുപത്രിയിൽ നിന്നും പരിശോധനക്കായി വിളിച്ചു കൊണ്ടുവന്ന ഡോക്ടർ പറഞ്ഞതനുസരിച്ച്, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ അച്ചനെ പ്രവേശിപ്പിച്ചു.

"Myocardial Infarction", കാർഡിയോളജിസ്റ്റ് ഡോക്ടർ ജോർജ് ജേക്കബ് പറഞ്ഞു. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ ഒരാഴ്ച തീവ്ര ചികിത്സ. മെഡിക്കൽ സൗകര്യങ്ങൾ ഇന്നത്തെ പോലെ ആധുനികമായിരുന്നില്ല അക്കാലത്ത്. എങ്കിലും, മെച്ചപ്പെട്ട ആതുര ശുശ്രൂഷ ആശുപത്രിയിൽ നിന്നും ലഭിച്ചു. പക്ഷേ, രോഗം അത്ര നിസ്സാരം അല്ലാത്തതിനാൽ ഏറെ നാൾ വിശ്രമിക്കേണ്ടിവന്നു.

ഗുരുതരമായ ഈ ശാരീരിക അവസ്ഥയെ നേരിടുവാൻ ഏറെ നിയന്ത്രണങ്ങൾ നിർദേശിക്കപ്പെട്ടിരുന്നു. തന്റെ സഭാശുശ്രൂഷയും സുവിശേഷ പ്രഘോഷണവും മുൻ കാലങ്ങളിലെ പോലെ തുടരുവാൻ സാധിക്കുമോ എന്ന സംശയം ഉളവാക്കുന്നവ ആയിരുന്നു ആ കർശന നിയന്ത്രണങ്ങൾ.

അസുഖം പിടിപെട്ട നേരത്തും, ചികിത്സാ വേളകളിലും, വിശ്രമ നാളുകളിലും, അനേകം ദൈവമക്കളുടെ പ്രാർത്ഥന ലഭിച്ചതാണ് അച്ചനെയും കുടുംബത്തെയും ബലപ്പെടുത്തിയത്. മുറിവേറ്റ ക്രിസ്തുവിന്റെ കരസ്പർശം ദൈവദാസന്റെ സൗഖ്യത്തിന് കാരണമായി. ദൈവമക്കളുടെ ആത്മീയ വളർച്ചയ്ക്ക് കർത്തൃദാസന്റെ സേവനം ഇനിയും വേണ്ടിയിരിക്കുന്നു എന്ന് വെളിപ്പെടുത്തിക്കൊണ്ട് ദൈവം മാത്യു മാത്യു അച്ചന് സൗഖ്യം നൽകി.

ദൈവം നൽകിയ ആരോഗ്യത്തെ അതീവ ശ്രദ്ധയോടെ പരിപാലിക്കുന്നതിൽ അദ്ദേഹം തുടർന്നുള്ള നാളുകളിൽ നിഷ്കർഷത പാലിച്ചു.

ആഹാരത്തിലുള്ള നിയന്ത്രണം, വിശ്രമത്തിലുള്ള കൃത്യത, ലഘു വ്യായാമം എന്നിവയിൽ അദ്ദേഹം പിന്തുടരുന്ന ശിക്ഷണം ശ്രദ്ധേയമാണ്.

അക്കാലത്ത് റായാലസീമ മഹായിടവകയിൽ നിന്നും ബിഷപ്പ് വി.എസ് സുന്ദരേശൻ, മാങ്ങാനം ക്രൈസ്തവാശ്രമത്തിൽ, ആരോഗ്യ പരിപാലനത്തിനു സഹായകമായ ലഘു വ്യായാമങ്ങൾ, മാത്യു മാത്യു അച്ചൻ ഉൾപ്പെടെ ചില പട്ടക്കാർക്കു, പഠിപ്പിച്ചു കൊടുക്കുവാൻ ഏതാനും ദിവസത്തെ ക്ലാസ് എടുത്തു. ഹൃദ്രോഗാനുഭവത്തിന്റെ ശേഷമുള്ള നാളുകൾ ആയിരുന്നു അത്. **ആരോഗ്യ സംരക്ഷണത്തിനായി പ്രസ്തുത വ്യായാമ മുറകൾ തനിക്ക് പ്രയോജനപ്പെട്ടുവെന്ന് മാത്യു മാത്യു അച്ചൻ പറയുന്നു. അന്ന് തുടങ്ങിയ പ്രഭാത വ്യായാമം, കഴിഞ്ഞ അൻപതു വർഷങ്ങളിലെറെയായി തുടരുന്നു. രാവിലെ 15 മിനിട്ട് ലഘു വ്യായാമം, അതിനുശേഷം പ്രാതൽ. ആ പതിവ് ഇന്നും തുടരുന്നു, ഈ നൂറാം വയസ്സിലും.**

വിളിച്ച ദൈവം വിശ്വസ്തനല്ലോ
വഴിയിൽ വലഞ്ഞു ഞാൻ അലയാനിട
വരികയില്ലവൻ എന്നെ പിരികയില്ല
വലതുകൈ പിടിച്ചെന്നെ നടത്തിടുന്നു....

എന്ന ഗാനശകലം ഇതെഴുതുമ്പോൾ ഈ ലേഖകന്റെ മനസ്സിൽ വിരിഞ്ഞത് മറക്കാതെ ഇവിടെ കുറിക്കട്ടെ.

"നീ ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെ ഉണ്ടു; ഭ്രമിച്ചു നോക്കേണ്ടാ, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലതുകൈകൊണ്ടു ഞാൻ നിന്നെ താങ്ങും" (യെശ. 41:10)

ഹോം മിഷനറി സൊസൈറ്റിയുടെ സെക്രട്ടറി ശ്രീ. സേം ഏനോക്കിനും, ഭാരവാഹികളായ MM Church ലെ അംഗങ്ങൾക്കും പ്രാർഥനാപൂർവമായ അഭിനന്ദനങ്ങൾ.

1989 മുതൽ ഹോം മിഷണറി സൊസൈറ്റിയുടെ സുവിശേഷീകരണവും ആത്മീയ കൂട്ടായ്മകൾക്കായി സഭകൾ സ്ഥാപിക്കുന്ന പ്രവർത്തനവും സ്വമേധാ പ്രവർത്തകരായ വിശ്വാസികളുടെ കൂട്ടായ സഹകരണത്തോടെ നടന്നുവരുന്നതാണല്ലോ. ആരംഭ നാളുകളിൽ തന്നെ തിരുവനന്തപുരം കൺറോൺമെന്റ് ചർച്ചും തുടർന്ന്

എം.എം. ചർച്ചും പൂർണ്ണതോതിൽ എച്ച്.എം.എസ്. പ്രവർത്തനങ്ങളിൽ പങ്കാളികളായിരുന്നു. സഭയിലെ സുവിശേഷീകരണ തത്പരർ അതിന്റെ പ്രധാന ചുമതലക്കാരായും പ്രവർത്തിച്ചിരുന്നു. 1999-ൽ സെക്രട്ടറിയായി സേം ഏനോക്ക് ചുമതലയേറ്റു. എച്ച്.എം.എസ്. സിൽവർ ജൂബിലി ആഘോഷിക്കാനുള്ള സ്വാഗതസംഘ രൂപീകരണ യോഗത്തിൽ അന്നത്തെ ബിഷപ്പ് ആമുഖമായി പറഞ്ഞത് ഈ ഒരു വർഷം കൊണ്ട് പത്ത് സഭകൾ രൂപീകരിക്കുന്നതായിരിക്കണം എച്ച്.എം.എസിന്റെ ആഗ്രഹമെങ്കിലും, ആ വർഷം 12 സഭകൾ രൂപീകരിക്കാൻ സഹവിശ്വാസികളുടെ സഹകരണത്തോടെ ദൈവം കൃപ നൽകി. അതിൽ പ്രധാന പങ്ക് വഹിച്ചത് എം. എം. സഭ കമ്മിറ്റിയും വിശ്വാസ സമൂഹവുമാണ്. എം. എം. സഭയിലെ എല്ലാ സംഘടനകളുടെയും ആത്മാർത്ഥമായ നേതൃത്വത്താൽ മെഡിക്കൽ ക്യാമ്പുകൾ, സംഗീത വിരുന്നുകൾ, കലാസാംസ്കാരിക പ്രവർത്തനങ്ങൾ ലഹരിവിരുദ്ധ ബോധവത്കരണം എന്നിവ നടത്തിയാണ് അന്ധകാരത്തിൽ ആണ്ടു കിടന്ന ജനത്തെ പൊതുധാരയിലേക്ക് എത്തിക്കാൻ സാധിച്ചത്.

പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഈ നാളുകളിലും എച്ച്.എം.എസിന്റെ പ്രവർത്തനം ക്രമമായും ചിട്ടയായും നടന്നുവരുന്നു. എച്ച്.എം.എസ്. സെക്രട്ടറി ആയിരുന്ന നമ്മുടെ സഭാംഗം ഡോ. യാഗിൻ തോമസിന്റെ അകാല നിര്യാണത്താൽ പലതും മന്ദഗതിയിലായതും യാഥാർത്ഥ്യമാണ്. തുടർന്ന് എച്ച്.എം.എസ്. സംഘടനാപരമായും ജനാധിപത്യപരമായും സുതാര്യമായും ഒരു സ്വമേധാ സുവിശേഷീകരണം നടത്താനായുള്ള യാത്രാമധ്യേ സേം ഏനോക്ക് എച്ച്.എം.എസ്. സെക്രട്ടറിയായി ചുമതല ഏറ്റെടുക്കാൻ നിർബന്ധിതനായി. ഈ നാളുകളിലും മറ്റു അംഗങ്ങളോടൊപ്പം എം.എം. സഭാംഗങ്ങളായ **Er. S.R.K. റസാലം, ഡോ. തിലകാ സാംസൺ, പത്മകുമാർ, ജ്യോതി സത്യനേശ്, Er. ജോഷിദാസ്, Er. എഡ്വിൻ, ലിവിംഗ്സ്റ്റൺ നേസരാജ്** എന്നിവർ വിവിധ ചുമതലകൾ വഹിക്കുന്നു. എച്ച്.എം.എസിന്റെ പ്രവർത്തനങ്ങൾക്കായി തുടർന്നും പ്രാർത്ഥനാപൂർവ്വം സർവ്വവിധ സഹായ സഹകരണങ്ങളും നൽകി സുവിശേഷീകരണം ഫലവത്താക്കാൻ പ്രാർത്ഥനയോടെ യത്നിക്കാം.

സത്യവും ധൈര്യവും ഒരു നാണയത്തിന്റെ രണ്ട് വശങ്ങളാണ്. അവ പരസ്പരപൂരകങ്ങളാണ്. ഇത് രണ്ടുമില്ലാത്ത പള്ളീലച്ചന്മാരും ബിഷപ്പും ക്രിസ്തീയ സഭയെ കുട്ടിച്ചോറാക്കുന്നത് നാം കാണുന്നില്ലേ?

എം.എം.ചർച്ച് അന്നും ഇന്നും മുൻപന്തിയിൽ

എൽ.ജെ. പത്മകുമാർ

പ്രിയപ്പെട്ട എം. എം. ചർച്ച് സഭാവിശ്വാസികളെ,

എം.എം. ചർച്ച് കുടുംബാംഗങ്ങൾ എല്ലാകാലവും സാധുക്കളെ സഹായിക്കുന്നതിനും രോഗികൾക്ക് സഹായഹസ്തം നീട്ടുന്നതിനും പുതിയ സഭകൾ നിർമ്മിക്കുന്നതിനും പഴക്കം ചെന്ന സഭകളെ നവീകരിക്കുന്നതിനും പുതുക്കിപ്പണിയുന്നതിനും പുതിയതായി സഭകൾ പണിയുന്നതിനായി സ്ഥലം വാങ്ങുന്നതിനും ഒക്കെ മുൻപന്തിയിൽ നിൽക്കുന്നവരാണ്. ഇതുമായി ബന്ധപ്പെട്ടു സഭാവിശ്വാസികൾ അറിഞ്ഞിരിക്കേണ്ട ചില വിവരങ്ങൾ നിങ്ങളുടെ അറിവിലേക്കായി കുറിക്കുകയാണ്.

1. എം.എം. സഭ ചെറുതും വലുതുമായ അനേകം സഭകളെ നിർമിച്ചു SKD-ക്കു കൈമാറിയിട്ടുണ്ട്. അവയെ കുറിച്ചുള്ള വിവരങ്ങൾ നിങ്ങളുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു

(a) ചൂടൽ സഭയാണ് ആദ്യമായി MM സഭയുടെ CEYF ന്റെ പ്രൊജക്റ്റ് ആയി നിർമ്മിച്ചത്. ഈ സഭയിലേക്കാണ് Dr. Chrispin Baju അച്ചനെ 'ശിക്ഷണ നടപടി' യുടെ ഭാഗമായി ഈ അടുത്ത കാലത്തു ട്രാൻസ്ഫർ ചെയ്തത്.

(b) MM സഭയുടെ 75-ാം വാർഷികത്തോടെ അനുബന്ധിച്ചു നേമം ഇടക സഭ നിർമിച്ചു നൽകി (ദൈവാലയത്തിന് പുതിയ കെട്ടിടം പണിതപ്പോൾ പേര് മാറ്റി)

(c) MM സഭയുടെ 100-ാം വാർഷികത്തോടു അനുബന്ധിച്ചു വിഴവൂർ CSI സഭ നിർമിച്ചു നൽകി

(d) MM സഭയുടെ 100-ാം വാർഷികത്തോട് അനുബന്ധിച്ചു Selam മിഷൻ ഫീൽഡിൽ ഒരു സഭയും 4 ഉപസഭകളും നിർമിച്ചു നൽകി.

(e) MM സഭയുടെ "City Mission" ന്റെ ഭാഗമായി താഴെ പറയുന്ന സഭകൾ പണികഴിപ്പിച്ചു നൽകി.

CSI Thaliyil, CSI Kuravankonam, CSI Perrorkkada (1st building), CSI Rakshapuri (Renovation), CSI Valiathura (Renovation), CSI Plamoodu, CSI Lenin Nagar, CSI Barton Hill (First Building & Renovation), CSI Vattiyoorkavu, CSI Malamughal, CSI Muttakkadu, CSI Karamana, CSI Manikanteswaran, Swami Dharmatheertha Memorial Aruvikkara, CSI Neyyar Dam, CSI Kanjirampara, CSI Karakulam

(മേൽ പറഞ്ഞ ലിസ്റ്റ് പൂർണമല്ല)

2. MMCHURCH ലെ വിശ്വാസികളിൽ പലരും അവരുടെ ഉറ്റ ബന്ധുക്കൾക്ക് സ്മാരകമായി അവരുടെ മെമ്മോറിയാലായി സഭകൾ നിർമിച്ചു SKD ക്കു നൽകിയിട്ടുണ്ട്. അവയിൽ ചില സഭകളുടെ പേരുകൾ ചുവടെ ചേർക്കുന്നു

(a) Vedakkan Memorial CSI Church, ആറാലുംമൂട് Renovate ചെയ്ത പ്പോൾ പേര് മാറ്റി.

(b) Yohannan Memorial CSI Church, Palali.

(c) ChellammaYohannan Memorial CSI Church, Kallikkadu.

(d) Mokshakkan Memorial CSI Church, Nedumkuzhi.

(e) Muthayya & Kamalammal Memorial CSI Church, Perumpazhuthoor

(d) FeliciaBai & L. A Nesayya Memorial CSI Church, Machel

(e) Lawley Memorial CSI Church, Punnakkadu.

(f) Adiparambu HMS.. Naigamoby Memorial CSI Church

(g) Molly K Das Memorial CSI Church, Mangaram

(h) White Memorial CSI Church, Chundavilakam

(i) Gunamony Memorial CSI Church, Manacaudu.

(j) Dr. Aruldas Memorial CSI Church

(k) Daniel Memorial CSI Church, Aluvila

(l) Laila Jasmin Memirial CSI Church, Mannanthala

(m) Jagadas Memorial CSI Church, Vazhayila.

(n) Rev. Philip David & Rev. L. John Memorial Church, Kalrayan Mission, Salem

(o) Retnamma Israel Memorial Church, Salem

3. M. M. CHURCH ന്റെ ഇപ്പോഴത്തെ മിഷൻ centers

(a) Kothalam Mission Centre (സ്ഥലം വാങ്ങി ഷെഡ് കെട്ടി ആരാധന നടത്തി വരുന്നു)

(b) Prasanth Nagar Mission Center (പഴയ ഭവനം വാങ്ങി അവിടെ ആരാധന നടത്തി വരുന്നു)

(c) Rajaji Nagar Mission Center (സഭയുടെ അംഗങ്ങൾ ആയ Rasalam family സഭയുടെ ആവശ്യങ്ങൾക്കായി സംഭാവന നൽകിയ

MM CHURCH CHOIR GRAND CONCERT AND SUMMER SCHOOL VALEDICTORY FUNCTION



















MM CHURCH CHOIR GRAND CONCERT AND SUMMER SCHOOL VALEDICTORY FUNCTION

























MM CHURCH CHOIR GRAND CONCERT AND SUMMER SCHOOL VALEDICTORY FUNCTION














MM CHURCH CHOIR GRAND CONCERT AND SUMMER SCHOOL VALEDICTORY FUNCTION


















"AUBURN' എന്ന അവരുടെ കുടുംബ വീട്ടിൽ ആരാധന നടന്നു വരുന്നു)

4. Home Missionary Society (HMS)

HMS നെ കുറിച്ച് നമുക്ക് എല്ലാവർക്കും അറിയാം. ആക്രൈസ്തവരുടെ ഇടയിൽ Sunday School തുടങ്ങി അതിലൂടെ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന കുടുംബങ്ങൾക്ക് വേണ്ടി ആരാധന നടത്തി അവർക്കുവേണ്ടി സ്ഥലങ്ങൾ വാങ്ങി സഭകൾ സ്ഥാപിച്ചു അവ സ്വയം പര്യാപ്തം ആകുമ്പോൾ SKD ക്കു കൈമാറ്റം ചെയ്യുക എന്നതാണ് HMS ന്റെ പ്രവർത്തന രീതി. HMS ന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി കൈ താങ്ങുന്നത് MM Church ലെ 350 ഓളം കുടുംബങ്ങൾ ആണ്. മാസം തോറും ഈ കുടുംബങ്ങൾ HMS നു ചെറുതും വലുതുമായ നിശ്ചിത തുകകൾ സംഭവനയായി നൽകുന്നു. ഈ ദാനം ആണ് HMS-ന്റെ പ്രധാന വരുമാന സ്രോതസ്സ്. ഇതുവരെയായി HMS ആത്മിയമായും ഭൗതികവുമായി വളർത്തി സ്വയം പര്യാപ്തമായ 138 സഭകളെ SKD ക്കു കൈമാറ്റം ചെയ്തിട്ടുണ്ട്.

ഇതു കൂടാതെ അനേകം സഭകളുടെ ഇതര ആവശ്യങ്ങൾക്കായി MM സഭയിലെ വിശ്വാസികൾ door collection മുഖേനയും സംഭാവനകൾ നൽകിയിട്ടുണ്ട്. വിവിധ ആവശ്യംങ്ങൾക്കായി MM സഭ വിശ്വാസികളുടെ ഭവനങ്ങളിൽ വന്നും സഹായങ്ങൾ സ്വീകരിക്കാറുണ്ട്

പ്രിയ സഭയെ, ഈ വിവരിച്ച കാര്യങ്ങളിൽ നിന്നൊക്കെ നമുക്ക് ഒരു കാര്യം വ്യക്തമായി മനസിലാക്കാം. പള്ളികൾ നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിനും, പള്ളികൾ നിർമ്മിക്കുന്നതിനും, പള്ളികൾ പുതുക്കിപ്പണിയുന്നതിനും ഒക്കെ MM സഭയുടെ സംഭാവന നിസ്തുല്യമാണ്. ഇതിന്റെ ഒക്കെ ഗുണഭോക്താവ് SKD തന്നെയാണ്. **അതുപോലെ തന്നെ സെമിനാരിയിൽ നിന്നും പഠിച്ചിറങ്ങുന്നവർക്ക് ജോലി ലഭ്യമാക്കുന്നതിനും ഈ രീതിയിൽ നമ്മുടെ സംഭാവന വളരെ വലുതാണ്. എന്നാൽ സങ്കടം എന്നു പറയെട്ടെ... നാം നമ്മുടെ കാണിക്ക കൊണ്ട് കെട്ടി ഉയർത്തിയ ഈ ആലയങ്ങളിൽ പലതും സഭാ രാഷ്ട്രീയത്തിന്റെ കേളീനിലങ്ങളാണ്. സഭ നേതൃത്വത്തിനു അനഭിമതർ ആയ senior അച്ചന്മാരെ 'ശിക്ഷണ നടപടി' എന്ന പേരിൽ ഈ ചെറിയ വരുമാനം കുറഞ്ഞ ആലയങ്ങളിലേക്ക് ട്രാൻസ്ഫർ ചെയ്തു കഷ്ടപ്പെടുത്തുന്നു.**

ദൈവനാമ മഹത്വത്തിനായും ദൈവരാജ്യം കെട്ടിപടുക്കുന്നതിനുമായി ദൈവം MM സഭയെ എടുത്തു ഉപയോഗിച്ചതിനു ദൈവ

ത്തിനു സ്തോത്രം ചെയ്യാം. ഇപ്പോഴും സാക്ഷ്യമുള്ള ഒരു വിശ്വാസ സമൂഹമായി നമ്മെ നിറുത്തിയിരിക്കുന്ന ദൈവത്തിനു സ്തോത്രം. പ്രതികൂല ശക്തികൾ MM Sabha യെ നശിപ്പിപ്പാനും ചിന്നഭിന്നമാക്കുവാനും ശ്രമിച്ചപ്പോൾ ചിതറാതെ ഒറ്റക്കെട്ടായി നിൽക്കാൻ ദൈവം നമ്മെ സഹായിച്ചു. നമ്മെ ശരീരികമായി ഉപദ്രവിച്ചു അടിച്ചു തകർക്കാൻ ശ്രമിച്ചപ്പോൾ കൂടുതൽ ശക്തിയോടെ തിരിച്ചു വരുവാൻ ദൈവം നമ്മെ സഹായിച്ചു. അടിച്ചു പുറത്താക്കി പിണ്ഡം വച്ചു എന്നു പറഞ്ഞവരെ നിരാശരാക്കിക്കൊണ്ട് നമുക്ക് സഭയിൽ വന്നു തല ഉയർത്തി നിൽക്കാൻ ദൈവം നമ്മെ സഹായിച്ചു. ഇതുവരെയും ദൈവം നടത്തിയ വഴികൾ എത്രയോ അതിശയകരം!!!!

എന്നാൽ ചില ചോദ്യങ്ങൾ തീർച്ചയായും നമ്മെ അലോസ്സരപെടുത്തുന്നുണ്ട്. നമ്മൾ നമ്മുടെ കാണിക്കകൊണ്ട് കെട്ടിപ്പടുത്ത സഭകൾ പോലും നമുക്ക് എതിരെ ആക്രോശിച്ചു കൊണ്ട് നിൽക്കുന്നത് നാം കണ്ടു. അവരും നമ്മെ 'മാടമ്പികൾ'എന്നു വിളിച്ചു. നമ്മെ ക്രൂശിക്കണം എന്നു മുറവിളി കൂട്ടി. ഒരു സംഘം പുരോഹിതന്മാർ അവരുടെ 'മനുഷ്യ ദൈവങ്ങൾ' ളെ പ്രീതിപ്പെടുത്താൻ അവരുടെ പക്ഷം ചേർന്ന് അട്ടഹസിച്ചു. എന്നാൽ ഒരു കാര്യം ഓർക്കുക. നിങ്ങളുടെ പ്രവർത്തി നിങ്ങൾക്ക് ലഭിച്ച ദൈവ വിളിക്കും (അങ്ങനെയൊന്നു അനുഭവിച്ചുണ്ടെങ്കിൽ) ദൈവ നിയോഗത്തിനും എതിരല്ലേ? MM സഭയുടെ സഹായം നേടിയെടുത്ത ഈ സഭകളിലെ വിശ്വാസസമൂഹത്തിനു എന്തു പറ്റി? അവിടെയുള്ള അൽമായ നേതൃത്വത്തിനു എന്തു പറ്റി? MM സഭയോട് ഇങ്ങനത്തെ ദ്രോഹം ഒന്നും ചെയ്യരുതെന്ന് ഉറക്കെ പറയുവാൻ, എന്തേ, നിങ്ങള്ക്ക് കഴിഞ്ഞില്ല?

ഇനിയും ഇവർ സഹായത്തിനായി നമ്മെ തേടിയെത്തും. അങ്ങനെ വരുകയാണെങ്കിൽ അവരോട് നാം ഇതൊക്കെ ചോദിക്കണം. മറുപടി പറയിക്കണം. ദൈവീക നീതിക്കും ന്യായത്തിനും വേണ്ടി ധൈര്യത്തോടെ നിൽക്കാൻ ആവശ്യപ്പെടണം. ദൈവത്തെ മറന്നു പ്രവർത്തിക്കരുത് എന്നു താക്കീതു നൽക്കണം. ചങ്കുറ്റത്തോടെ അനീതിക്കു എതിരായി പോരാടാൻ പറയണം. എങ്കിൽ മാത്രമേ ദൈവം നമുക്കു തന്ന ഈ ജീവനുള്ളവരുടെ ദേശത്തു ഒരു വിശ്വാസസമൂഹം ആയി നിലനിൽക്കാൻ കഴിയുകയുള്ളു. ദൈവം നമുക്ക് ദാനം ആയി തന്ന ജീവിതത്തിനു അർഥം ഉണ്ടാവുകയുള്ളു.

THE MUSICAL CHAIR

(EXTRACT FROM 'THE SHATTERED GLASS')

JASPER LAL CHITH

Here is the exact transcription of the text from the image: The Musical Chair. **Recently, I had an invitation to attend the inaugural function of an art exhibition.** Even though I started well in time, I was caught in the city traffic and could reach only slightly late. The exhibition venue consisted of a hall with a front room. By the time I reached, I found the hall was fully packed.

The outer front room had a few empty seats still available. I occupied the seat closest to the hall so that I could watch the function. **Just before the function started, one of my old friends entered the room. I had not seen him for years. I was tempted to go and meet him and sit along with him. But the fear of losing my chair kept me from getting up.** I was sure that if I got up, someone else would occupy my chair. For a while, I was in a dilemma. Then, I decided to keep my chair. The friend could wait. Sometime later, an elderly lady entered the room, searching for a seat. I kept my eyes carefully averted. What if I had to give up my seat? Immediately after the inaugural function was over, I searched for my old friend, but he had already left. **If only had I not clung on to my chair, I could have met my old friend.**

ഹൈക്കോടതി പരാമർശം

2026-ൽ മെറ്റീർ മെമ്മോറിയൽ സഭയിൽ നടത്തിയ അനധികൃത തെരഞ്ഞെടുപ്പിന്മേൽ ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം!

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എം.എം.ചർച്ച് അംഗങ്ങൾ തിരുവനന്തപുരം മുൻസിഫ് കോടതിയിൽ നൽകിയ കേസിന്റെ ഫയൽ കേസ് നടക്കുന്ന ദിവസം കോടതിയിൽ നിന്നും കാണാതായ വിഷയത്തിൽ ബഹു. കേരള ഹൈക്കോടതി മുൻസിഫ് വിശദീകരണം നൽകണം എന്ന് ആവശ്യപ്പെട്ട് പുറപ്പെടുവിച്ച വിധി.

IN THE HIGH COURT OF KERALA AT ERNAKULAM
PRESENT
THE HONOURABLE MR. JUSTICE EASWARAN S.

Friday, the 14th day of August 2026 / 23rd Sravana, 1948
OP(C) NO. 2391 OF 2026
OS 1241/2026 OF I ADDITIONAL MUNSIFF COURT, THIRUVANANTHAPURAM

PETITIONERS/APPLICANTS/PLAINTIFFS:

1. DHARMA KUMAR C. AGED 61 YEARS S/O CHELLAYYAN NADAR, SYMPHONY, MULLIPARA, KARAKULAM P.O., THIRUVANANTHAPURAM-. , PIN - 695564
2. KAMALA BAI R. AGED 76 YEARS W/O ZAEM ENOCK, HOUSE NO. NBCRA 90, BAINS COMPOUND, NANTHANCODE, KOWDIAR P.O., THIRUVANANTHAPURAM, PIN - 695003

BY ADVS.KEVIN JAMES,SHABNAM SAIDALAVI,ATHUL M.V.,BOBBY DEVASSIA,

RESPONDENTS/RESPONDENTS/DEFENDANTS:

1. M.M. CHURCH @ M.M. CATHEDRAL SOUTH KERALA DIOCESE (SIUC), PALAYAM, THIRUVANANTHAPURAM REPRESENTED BY ITS PRESBYTER. , PIN - 695033
2. REV. DR. PRINSTONE BEN BISHOP, OFFICE OF THE BISHOP, LMS, COMPOUND, VIKAS BHAVAN P.O., PALAYAM, THIRUVANANTHAPURAM . , PIN - 695033
3. REV. R. S. SURESHKUMAR PARSONAGE NO.1, PARSONAGE COMPLEX, MATEER MEMORIAL CSI CHURCH, LMS COMPOUND, VIKAS BHAVAN P.O., THIRUVANANTHAPURAM, PIN - 695033

This OP(C) having come up for orders on 14.08.2026, upon perusing the petition,the court on the same day passed the following;

IN THE HIGH COURT OF KERALA AT ERNAKULAM

EASWARAN S., J.

O.P.(C) No.2391 of 2026

Dated this the 14th day of August, 2026

ORDER

Registry is directed to call for a report from the I[st] Additional Munsiff Court, Thiruvananthapuram as to why the files of O.S. No.1241 of 2026 is found missing when it was filed on 10.8.2026. The learned Munsiff shall file a report as to whether any orders were passed in I.A. No.1 of 2026.

Post on 17.8.2026.

Sd/-
EASWARAN S.
JUDGE

MM CHURCH
DOUBLE DIAMOND JUBILEE CELEBRATIONS
GRAND CONCERT BY MM CHURCH CHOIR



As part of the Double Diamond Jubilee Celebrations commemorating **120 years of the present church building, the Grand Concert by the MM Church Choir was conducted on Friday, 2nd October 2026 at 5:30pm.** The programme began with the Opening Prayer led by **Rev. Dr. L. E. Sahanam**. The event was graced by the presence of distinguished guests, including **Chev. Dr. Koshy M. George, Sri. Varkey Philip, Sri. Cherian Oommen, Sri. A. S. Ben Roy and Sri. Joy Thottan. The Valedictory Function of the Albert Joseph Memorial Summer School of Church Music 2026** was also conducted as part of the programme. Certificates and trophies were presented to **80 students** who participated in the Summer School.

The faculties who contributed to the successful conduct of the Summer School- **Sri. Samuel Devadas, Sri. T. Jayakumar Alfred, Sri. Devakumar D., Sri. Varkey Philip, Sri. Premchand Johnson,**

Sri. Amarnath I. Paul, Sri. Alan Frederick, Sri. Shibu Olive, Prof. Poovi Thankakumari and Ms. Julia Jane Arun were honoured. Report of Summer School was presented by Mrs. Anu Amarnath(Convenor). The concert featured beautiful musical presentations by the Church Choir, Junior Choir, Children's Choir, Male Voices, Female Voices and students of the Summer School of Church Music. The MM Church Choir performed in their new uniform, adding a special and memorable touch to the occasion. The instrumental accompaniment for the concert was provided by Dr. Anjana, Er. John Benson and Mr. Aaron Joshidas on keyboard, and Mr. Jerry Ben on bass guitar. The songs were led by Sri. Premchand Johnson (Choir Master), Sri. Amarnath I. Paul (Children's Choir Master) and Sri. Alan Frederick (Junior Choir Master).

The musical instruments performance was led by Prof. Poovi Thankakumari and Sri. John Benson.

As a mark of appreciation for their valuable contribution, leadership and continued support to the Church Choir, several church leaders who have played an important role in the choir's journey were honoured, namely **Sri. S. P. Thomas, Sri. T. Jayakumar Alfred, Sri. Devakumar D., Er. Jose H. Jones, Rev. Dr. L. E. Sahanam, Er. Premdas Justus, Dr. Christenson E. Sarasam, Prof. P. Rajaprasad, Dr. L. J. Padmakumar and Dr. Arthur Jacob.**

The Welcome Speech was delivered by **Sri. Premchand Johnson**, Choir Master.

The Vote of Thanks was delivered by Sri. Rajeev Kumar R. R., Choir Secretary. The programme was compered by Dr. Sajitha Sanjeev and Dr. Christenson E. Sarasam. The programme concluded with the Closing Prayer led by Dr. Christenson E. Sarasam.

The Grand Concert was a spiritually enriching and musically memorable evening, celebrating the rich musical tradition and fellowship of MM Church.

A large number of Church members attended the concert and enthusiastically supported the performers, making the evening a memorable part of the **Double Diamond Jubilee Celebrations of MM Church.** After the programme, dinner was arranged for all the participants and attendees. We shared a warm and joyful fellowship having the **love feast.** The programme stood as a beautiful celebration of faith, music, fellowship and the rich heritage of MM Church.

CROSSED JORDAN TO BE WITH THE LORD

Family No. 2265	**Sasi N** SAGARA 45,TC 20/2457, Puthenvila, Kudappanakunnu Died on:- 02-10-2026	
Family No. 0996	**Gladys Daniel** Poonthopil,H No-M22, Devaswam Lane, Kesavadasapuram, Trivandrum 695004 Died on:- 13-10-2026	
Family No. 1368	**Dharmaraj N.** H No-5, Devaswam Lane, Kesavadasapuram, Trivandrum 695004 Died on:- 20-10-2026	

"Blessed are the dead who die in the Lord from henceforth, 'Blessed indeed, says the spirit' that they may rest from their labours, for their deeds follow them! (Rev. 14:13)

HIGHLIGHTS OF CSI MATEER MEMORIAL CHURCH MEMBERS' MEETING

Held on 18/10/2026 at Satyan Memorial Hall, Trivandrum
Prepared by the Convenor, Year End Programmes - 2026



PARTICIPATION

1. A large segment of MM Church members attended with great enthusiasm and concern for the Church.
2. The meeting was held in a **homely, friendly, and spiritual atmosphere of unity, care and concern -** truly reflecting the family spirit of Mateer Memorial Church.

MATTERS DISCUSSED

With deep anguish but in a spirit of prayer and truth, the following painful realities were discussed:

1. **Persecution infiltrated by the SK Diocese on MM Church since 29/04/2022 -** The systematic attempts to destabilize the smooth functioning of our historic Mother Church.
2. **Autocratic, unconstitutional and unbiblical administrative steps thrust upon MM Church** using physical assault and violence, even on Choir members – acts unbecoming of a Christian administration and deeply hurting the sentiments of the faithful.
3. **Unilateral irregular election conducted cunningly with a frugal voters' list of 521 members eliminating 1700 eligible voters-**

39th Year of Memories

Called to Eternal Life on 28-10-1987



A. Ponniah

Retired Head Master, Former Superintendent
MM Church, Sunday School
Deacon & Accountant of Mateer Memorial Church

Sharon A 76, Kanaka Nagar
Thiruvananthapuram-3

Fondly remembered by
Daughter : Mrs. Myrtle Grace Aruldhas
Grandchildren : Dr. Vinod Winston, Dr. Manoj Fraklin, Dr. Ann Adeline
Great Grandchildren : Dr. Nithin, Dr. Cerene, Tina, Zaneta, Juana, Joshua, Tesiya Lidya, Ezekiel

MM CHURCH SENIOR CITIZENS' FELLOWSHIP RETREAT

















thereby denying the democratic rights of the majority of the congregation and violating the spirit of the CSI Constitution.

The members expressed their united pain and resolved to continue in prayer, truth, and peaceful witness.

DECISIONS TAKEN: YEAR-END PROGRAMMES-NOV/DEC 2026

In spite of challenges, it was unanimously decided to move forward with a season of spiritual enrichment and celebration, trusting in the Lord who built this Church in 1906:

Nov 1st - Ambalamukku Ward Convention 7:00 PM
Nov 14th - MM Church Family Retreat
Dec 1st - Commencement of Christmas Carols
Dec 5th - Annual Thanksgiving get-together
Felicitation (10th, 12th & above)
Love Feast
Dec 12th - Annual Harvest Festival 8:30 am
Dec 23rd - Combined Christmas Celebrations 6:00 pm
Manger & Christmas Tree 4:00 pm
Dec 24th - Christmas Carols by Church Choir - 7.30 pm
Dec 26-30 - Year Ending Prayer

OVERALL EXPECTATION

The meeting concluded with a commitment to observe the coming season as: **A season of Prayer, Living bond of love, Worship & Adoration, Thanksgiving, Biblical exposition, Charity, Unity, Celebration, Mission & Fellowship.**

We go forward not with bitterness, but with the confidence that "If God is for us, who can be against us?" (Romans 8:31). Let us continue to uphold our beloved MM Church in our daily prayers.

In His Service, Convenor,
Year End Programmes Committee
CSI Mateer Memorial Church, LMS Compound, Trivandrum

S.C.F. ന്റെ പാലക്കാട് യാത്ര

11-10-2026 ഞായറാഴ്ച രാത്രി 8.30 ന് തിരുവനന്തപുരം സെൻട്രൽ റയിൽവേ സ്റ്റേഷനിൽ നിന്നും ഞങ്ങൾ പാലക്കാട് യാത്ര സഭയിലെ 35 സീനിയർ സിറ്റിസൺസ്, S.C.F ന്റെ അഭിമുഖ്യത്തിൽ സ്നേഹമുള്ള തങ്കരാജ് അച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ചു. സീനിയർ സിറ്റിസൺ കോട്ടയിലാണെങ്കിലും പലർക്കും upper berth കിട്ടി. തോറ്റു കൊടുക്കാതെ അതിലും കയറി, അങ്ങനെ ഞങ്ങളുടെ Confidence level വർധിച്ചു. പിറ്റേദിവസം രാവിലെ 4.30 ന് പാലക്കാട് എത്തി. ഞങ്ങൾക്കായി ഒരു ബസ് ഏർപ്പാട് ചെയ്തിരുന്നു. BLISS International tourist homeൽ എത്തിയ ഞങ്ങൾ ചെറിയൊരു വിശ്രമവും പ്രഭാതഭക്ഷണവും കഴിഞ്ഞ് 8.30 ന് യാത്ര തുടങ്ങി. Palakkad Holy Trinity English Church (C.S.I) ലെ devotion കഴിഞ്ഞ് silent valley ലേക്ക് യാത്ര ആരംഭിച്ചു. ഏതാണ്ട് ഉച്ചയ്ക്ക് 12.30 ന് ഉച്ചഭക്ഷണവും കഴിഞ്ഞ് forest department ന്റെ 6 ജീപ്പുകളിലായി silent valleyയിലേക്ക് യാത്ര തുടങ്ങി.

silent valley പേരുപോലെ നിശബ്ദ താഴ്വരയായിരുന്നു. 200 വർഷത്തോളം പ്രായമുള്ള മരങ്ങൾ ആ നിബന്ധ വനത്തിൽ കണ്ടു. ചുരുക്കം ചില ആദിവാസി ഊരുകൾ ഉണ്ടായിരുന്നു. മരങ്ങൾ വിരളമായിരുന്നു. ഞങ്ങളിൽ ചിലർ 100 അടിയോളം ഉയരമുള്ള ടവറിൽ കയറി കാനന ഭംഗി ആസ്വദിച്ചു. വൈകുന്നേരം 5.00 മണി ആയപ്പോൾ 22 കിലോമീറ്റർ സഞ്ചരിച്ച് തിരിച്ചെത്തി. യുവാക്കൾ ക്ഷീണിച്ചുപോകുന്നു ജീപ്പ് യാത്രയിലും സീനിയർ സിറ്റിസൺസ് ഉഷാറായിരുന്നു. തിരികെ വന്ന് താമസസ്ഥലത്തിനടുത്ത് കല്പാത്തി രഥോൻസവം നടക്കുന്ന സ്ഥലത്ത് പോയി. ഉത്സവത്തിന് ഉപയോഗിച്ചിരുന്ന രഥം വിശേഷപ്പെട്ടതായിരുന്നു. രാത്രി ഭക്ഷണം പ്രാർത്ഥന ഇവക്കുശേഷം ഒന്നാം ദിവസം വിശ്രമിച്ചു.

13-10-2026 പാലക്കാട് ടൗണിന്റെ സമീപപ്രദേശത്തെ സ്ഥലങ്ങൾ കാണാൻ 8.30 ന് യാത്ര ആരംഭിച്ചു. ആദ്യം സന്ദർശിച്ചത് 1766-ൽ ടിപ്പു സുൽത്താന്റെ അച്ഛനായ മൈസൂർ രാജാവായിരുന്ന ഹൈദരാലി നിർമ്മിച്ചതാണ് പാലക്കാട് കോട്ട (ടിപ്പുവിന്റെ കോട്ട) എല്ലാവരും കണ്ടിരിക്കേണ്ട ഒരു ചരിത്രസ്മാരകം തന്നെ ആണ് അത്. അതിനുശേഷം മലമ്പുഴ ഡാം കാണാൻ പോയി. ധാരാളം നിർമാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടായിരുന്നു Snake partk, aquarium, rope way, .. ഇവയെല്ലാം

ആസ്വദിച്ചശേഷം ഡാമിനുള്ളിൽ ഏതാണ്ട് 70 അടി താഴെയുള്ള ഒരു ടണലിൽ കൂടെ പോകാൻ സാധിച്ചു. അത് ഒരു പ്രത്യേക അനുഭവമായിരുന്നു. അതിനുള്ള സൗകര്യം ചെയ്ത് എഞ്ചി. ലളിത ജയകുമാർ ആയിരുന്നു.

അതേ ദിവസം ഉച്ചയ്ക്ക്ശേഷം റോക്സ് ഗാർഡൻ കണ്ടു. വിവിധതരം കല്ലുകൾ ഉപയോഗ ശൂന്യമായ ചില വസ്തുക്കൾ മാർബിൾ കഷണങ്ങൾ ഇവ. ഉപയോഗിച്ച് നിർമ്മിച്ചിരുന്നു. ശില്പങ്ങൾ സുന്ദരമായിരുന്നു. വിനോദയാത്രയിലെ അവസാന ഇനമായിരുന്നു, മലനിരയിലൂടെ ഒഴുകി വന്ന തെളിഞ്ഞ തണുത്ത വെള്ളത്തിലെ കളിയും ഞങ്ങളുടെ മനസ്സും ശരീരവും ഒന്നുപോലെ തണുപ്പിച്ച് ശാന്തമാക്കി തിരുവനന്തപുരത്തേക്കുള്ള മടക്കയാത്രക്കായി തയ്യാറെടുത്തു. 13-10-26 9.00 അമൃത എക്സ്പ്രെസ്സ് ട്രയിനിൽ ഞങ്ങൾക്ക് യാത്രയിലുനീളം ദൈവസാന്നിധ്യം അനുഭവിക്കാൻ കഴിഞ്ഞു. ഞങ്ങളെ ഏതു കാര്യത്തിനും സഹായിക്കാനും വഴികാട്ടിയായും ഒരു ടൂർ മാനേജറും കൺവീനർ ആയി ശ്രീ. ഗോഡ്സിംഗും ഉണ്ടായിരുന്നു. ഈ യാത്രയ്ക്ക് പ്രത്യക്ഷമായും പരോക്ഷമായും സഹായിച്ച എല്ലാവർക്കും നന്ദി എന്നൊരു വാക്കിലൂടെ നന്ദി പറയുന്നു. ഞങ്ങൾ ഇത് ഏറെ ആസ്വദിച്ചു. അടുത്തൊരു യാത്രക്കായി കാത്തിരിക്കുന്നു.

FREE FOOD DISTRIBUTION AT RCC DURING OCTOBER 2026








എല്ലാ വ്യാഴാഴ്ചയുമുള്ള ഈ വിതരണത്തിൽ സഹകരിക്കാനും സഹായിക്കാനും താല്പര്യമുള്ളവർ ബന്ധപ്പെടുക :

Jothi Sathianess	Adv. Roy Y.A.	Ceragil Austin Prince
+91 98951 87978	+91 8089 296427	+91 90378 19570

CROSSWORD PUZZLE - 28

Nb: Questions are from both general knowledge and the Bible. Please whatsapp your answers to 9447018118 before 10th November



Compiled by
Premchand Johnson

Down

4. National flag of India is called (7)
6. Moms young deer(4)
7. Large Asian desert (4)
8. Fothright(6)
9. Thousand thousands(7)
13. The "Pink city" (5)
14. Act of isolating the sick to prevent spread of diseases(10)
16. Disrespect to the holiness, to God or religion(7)
17. Unexpected mishaps(9)
19. Two feet(5)
20. One of the five marsupials(8)

Across

1. World famous art by Leonardo da vinci (8)
2. Study of sides and angles of triangles(12)
3. Students academic advisor(9)
5. Eskimos abode (5)
9. Two attracting forces north and south(9)
10. Acts18:3 -Paul's occupation(10)
11. To the three ____:"I will make you fishers of men"
12. Deut 27:13 mountain in which Isreal was cursed for disobedience(5,4)
15. Musical pace(5)
18. Much of seasoning(5)

Answers to Crossword 27: 1) Eaglet 2) Rare 3) Gopher 4) Strands 5) Aroma 6) Lapse 7) Titanic 8) Goliath 9) Acrobat 10) Crude oil 11) Orbit 12) Adventure 13) Rsvp 14) Carmel 15) Halo 16) Plan 17) Herds 18) Deers 19) Rivers 20) Glossy

WINNERS OF CROSSWORD 27 :
Dr. Rexy Charles, Sree Latha, Alex William Dukes, Jayakumai J.T.



Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from Deuteronomy 8-17. In these chapters Moses urges Israel to remain humble, obey God's laws, reject idolatry, and remember that all blessings come from the Lord rather than their own strength. Kindly, read these ten chapters before attempting the quiz. Please substantiate your answers by stating references (verse) from the Bible.

The questions are prepared from the English Standard Version (ESV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before November 15th through email at churchvoicequiz@gmail.com

Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo. After taking a photo make sure that the answers are readable before sending it. Email is the only mode of communication



The Bible Quiz can be downloaded every month using the URL https://drive.google.com/drive/folders/1pYmyeEtOmltbG8DehtPcI5SUSxux-6zs You can also scan the QR code to go to the link

1. What was the speciality of Jotbathah?
2. The LORD told Israelites not to do what for the dead?
3. What happened at Taberah?
4. During what time of the year are the eyes of the LORD upon the promised land?
5. What should a king of Israel read all the days of his life?
6. For how many days shall the Feast of Tabernacles (Feast of Booths) be kept?
7. What should the Israelites do with the Asherim?
8. For how long did the clothes of Israelites not wear out?
9. Which sheep should not be sheared?
10. If a prophet or a dreamer of dreams arises and performs a sign or wonder and says "Lets go after other gods", should we listen to them?

Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions.
Please do go through the answers published every month, because I often value the submitted answers based on context rather than exactness.

The correct answers to the quiz from Numbers 34-36 and Deuteronomy 1-7

1. No form of any kind (Deuteronomy 4:12, 15)
2. Zelophehad (Numbers 36:11)
3. The words that the Lord command (Deuteronomy 6:4-9)
4. They are to be cities of refuge (Numbers 35:6)
5. The people of Esau (Deuteronomy 2:4)
6. The Lord (Deuteronomy 5:28)

7. To destroy those who are left and hide from the Israelites. (Deuteronomy 7:20)
8. The Great Sea (Numbers 34:6)
9. Sihon, the king of the Amorites (Deuteronomy 1:4)
10. Og, the king of Bashan (Deuteronomy 3:11)

List of people who had submitted the right answers to the quiz from Numbers 34-36 and Deuteronomy 1-7

1. Meehal Godwin
2. Sujana Satish
3. Jolly David
4. Chandra John
5. J. Sumagala
6. Nisha Sanalkuamr
7. Dr. Arvind Gilbert
8. Princy Bose
9. Nesakumari Davidson
10. Latha Job
11. Girly Rajesh John
12. Gladis J.
13. Lilora P. R.
14. Lalitha Jacob
15. Nirmala Lal Jayakumar
16. Megha Sunil
17. Rajesh John Ross
18. J. Mershiha John
19. Anitha Kingsley
20. Dr. S. Rexy Charles
21. Soben S. L.
22. Reuben S. L.
23. Anie Reuben

ചർച്ച് വോയിസ് – ബൈബിൾ ക്വിസ്സ് – മലയാളം പരിഭാഷ
ഒക്ടോബർ 2026, ആവർത്തനപുസ്തകം 8–17

എല്ലാ മാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ചതിനുശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെ കൂടെ പരിഗണിക്കുകയില്ല.

1. മരിച്ചവനു വേണ്ടി എന്തു ചെയ്യരുത് എന്നാണ് യഹോവ യിസ്രായേൽ മക്കളോടു പറഞ്ഞത്?
2. മരിച്ചവനു വേണ്ടി എന്തു ചെയ്യരുത് എന്നാണ് യഹോവ യിസ്രായേൽ മക്കളോടു പറഞ്ഞത്?
3. തബേരയിൽ വച്ച് എന്ത് സംഭവിച്ചു?
4. ആണ്ടിന്റെ ഏതു സമയത്തൊക്കെയാണ് യഹോവയുടെ ദൃഷ്ടി വാഗ്ദത്തദേശത്തിന്റെ മേൽ ഇരിക്കുന്നത്?
5. യിസ്രായേലിലെ രാജാവ് ആയുഷ്കാലം മുഴുവൻ വായിക്കേണ്ടത് എന്താണ്?
6. എത്ര ദിവസമാണ് കൂടാരപ്പെരുന്നാൾ ആചരിക്കേണ്ടത്?
7. യിസ്രായേൽമക്കൾ അശേരപ്രതിഷ്ഠകളെ എന്തു ചെയ്യേണം?
8. എത്ര സംവത്സരമാണ് യിസ്രായേൽ മക്കൾ ധരിച്ച വസ്ത്രം ജീർണ്ണിച്ചു പോകാതിരുന്നത്?
9. ഏതു ചെമ്മരിയാടിന്റെ രോമമാണ് കത്രിക്കാൻ പാടില്ലാത്തത്?
10. ഒരു പ്രവാചകനോ സ്വപ്നക്കാരനോ എഴുന്നേറ്റു: "അന്യദൈവങ്ങളെ നാം ചെന്നു സേവിക്ക" എന്നു പറഞ്ഞുംകൊണ്ടു ഒരു അടയാളമോ അത്ഭുതമോ ചെയ്താൽ നാം ആ വാക്കു അനുസരിക്കണമോ?

MM CHURCH
MEN'S FELLOWSHIP RETREAT






MM CHURCH SENIOR CITIZENS' FELLOWSHIP RETREAT





Seventh Death Anniversary

8-11-2026

In Ever Loving Memory of



Prof. C. Jose Davidson

Sharon, Chempaka Nagar, Bakery Junction, Tvm.

"Those we love don't go away
they walk beside us every day;
unseen, unheard, but always near,
still loved, still missed and very dear"

Prof. N.S. Nesakumari
Dr. Felcy Priya, Er. C. L. Lal, Er. Nithin & Naveen
Dr. Deepak, Prof. Twinkle, Dr. Rohit & Ryan
Dr. Preethi, Er. C. Edwin, Noel & Lena